**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1342** **06/03/2020- ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ അനുവദിച്ച റബ്ബർ വിലസ്ഥിരത ഫണ്ട്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) റബ്ബർ ഉല്പാദക സംഘം വഴി കിലോക്ക് 150 രൂപ നിരക്കിലുള്ള വിലസ്ഥിരത ഫണ്ട് പ്രകാരം കോതമംഗലം മണ്ഡലത്തിൽ റബ്ബർ കർഷകർക്ക് എത്ര തുക കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം ജില്ലാടിസ്ഥാനത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |
| (ബി) പ്രസ്തുത വിലസ്ഥിരത ഫണ്ട് കോതമംഗലം മണ്ഡലത്തിൽ ഇനി എത്ര പേർക്ക് ലഭ്യമാക്കുവാനുണ്ടെന്ന് വിശദമാക്കാമോ; | | |
| (സി) കോതമംഗലം മണ്ഡലത്തിൽ ഇനിയും കൊടുക്കുവാനുള്ള ഫണ്ട് കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിൽ കുറവ് വന്നതും, 2019 ഒക്ടോബറിനുശേഷമുള്ള ജി.എസ്.റ്റി കോംപൻസേഷൻ പൂർണ്ണമായും ലഭിക്കാത്തതും, നടപ്പ സാമ്പത്തിക വർഷം അവസാന പാദത്തിലെ കടമെടുക്കുന്നതിനുള്ള പരിധി കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയതും സംസ്ഥാനത്തിന്റ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശികയായിട്ടുള്ള സബ്സിഡി വിതരണത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഡി) വിലസ്ഥിരത ഫണ്ട് 150 ൽ നിന്നും ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | റബ്ബറിന്റെ താങ്ങുവില 200 രൂപ ആയി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന താങ്ങുവിലയായ കിലോയ്ക്ക് 150 രൂപയ്ക്ക് പുറമെ കേന്ദ്ര സഹായമായി 50 രൂപയോടു കൂടി 2020-21 ലെ കേന്ദ്ര ബജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ അനുകൂലമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബജറ്റിൽ ഉണ്ടായിട്ടില്ല. |

Sreemathi

**സെക്ഷൻ ഓഫീസർ**